# അക്കാദമിക മാസ്റ്റർ പ്ലാൻ

## മലയാളം STD 2

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്സ്തല 'മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകി കൊണ്ട് ഓരോ കുട്ടിയുടേയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം. അതാണ് ലക്ഷ്യം.

പ്രവർത്തന ലക്ഷ്യങ്ങൾ

✨ രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

✨ രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.

✨ ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.

✨ ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ്സിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.

✨ വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.

✨ ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.

✨ ആശയം, ഈണം താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. (കവിതാ പൂരണം).

മുന്നൊരുക്കം

✨ പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.

✨ കുട്ടിയുടെ നിലവിലുള്ള അവസ്ഥ , കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്തുണകുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

പ്രവർത്തന ലക്ഷ്യം

🖤 രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

✨ജൂൺ✨

🖤 ചിത്രക്കാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്)

🖤ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ

.🖤 വായനാ സാമഗ്രികൾ നിർമിക്കൽ

🖤 വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

✨ ജൂലൈ✨

🖤 ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.

🖤 ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിൻ്റെയും സാധ്യത ഉറപ്പാക്കുന്നു.

🖤 സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

ആഗസ്റ്റ്

🖤 ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ

🖤 രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ

🖤 വീട്ടു ലൈബ്രറി ഒരുക്കൽ

🖤 ചിത്ര വിവരണം

🖤 വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു.

സെപ്റ്റംബർ

🖤 വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ

🖤 വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ

🖤 വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ

🖤 വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്ക്കാരം ചെയ്യൽ

ഒക്ടോബർ

🖍 കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ

🖍 വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു

ഉദാ:- ആന വലിയ ആന  കറുത്ത വലിയ ആന

നവംബർ

🖋 കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

ഡിസംബർ

✨ ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.

✨ ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗതമാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

ജനുവരി

✨ വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ (കവിതാ പൂരണം)

✨ ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ

ഫെബ്രുവരി

✨ എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ (ഭാഷണം, ലേഖനം, എഴുത്ത് )

✨ കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.

മാർച്ച്

🍁 വ്യക്തിഗതരചനയെ പ്രോത്സാഹിപ്പിക്കൽ.

🍁 ഇൻലൻ്റ് മാഗസിൻഓരോ കുട്ടിയും തയ്യാറാക്കൽ

🍁 ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയ്യെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ.

🍁 വീട്ടുവായന , കൂട്ടു വായന, നാട്ടു വായന, അമ്മ വായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.

🍁 ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ

🍁🍁🍁🍁🍁🍁🍁🍁🍁🍁